ചുമതലപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്നതിനാൽ ആണ് ടി പ്രദേശത്ത് വീടുവയ്ക്കാൻ അനുമതിയ്ക്ക് ട്രിഡയുടെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നത്. നിയന്ത്രിത മേഖലയിൽ അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ തടയുവാനും ടൗൺ പ്ലാനിംഗ് റൂൾ-3 അനുസരിച്ച് ഈ പ്രദേശത്ത് തീരപഥം പദ്ധതിക്ക് അനുസൃതമായി ആസൂത്രിതമായ രീതിയിൽ വികസിപ്പിക്കാനും വേണ്ടിയാണ് ട്രിഡയെ ഈ പ്രദേശങ്ങളുടെ ഡവലപ്പ്മെന്റ് അതോറിറ്റിയായി സർക്കാർ നിയോഗിച്ചത്.

(ബി) ബാധകമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിയന്ത്രണം

114 [2606] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുമ്പോൾ ആ തുക എപ്രകാരം ചെലവഴിക്കണം എന്നു നിർദ്ദേശം നൽകുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്രകാരം എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(സി) ഇപ്രകാരം നിർദ്ദേശം നൽകുന്നതിനുമുമ്പ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തി അവരുടെ അഭിപ്രായങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഓരോ പഞ്ചായത്തിന്റേയും പ്രത്യേക സ്ഥിതി കണക്കിലെടുക്കാതെ മുൻഗണന നിശ്ചയിക്കുന്നതുകൊണ്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?;

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വെഹിക്കിൾ ടാക്സ് കോംപൻസേഷൻ ഗ്രാന്റ്, ബേസിക് ടാക്സ് ഗ്രാന്റ്, റൂറൽ പൂൾ ഗ്രാന്റ്, റെയിൽവേ മെയിന്റനൻസ് ഗ്രാന്റ് എന്നിവയ്ക്കായി അനുവദിക്കുന്ന തുക ഏത് പ്രകാരം ചെലവഴിക്കണം എന്നത് സംബന്ധിച്ച് നിബന്ധനകൾ പാലിക്കുന്നതിന് നിർദ്ദേശം നൽകാറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുടെ ചട്ടക്കൂടിനുള്ളിൽ ഉത്തരവാദിത്വബോധത്തോടെയും സ്വതന്ത്രമായും പ്രാദേശിക പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തുന്നതിന് പദ്ധതി വിഹിതം നൽകുകയും അതിന് സഹായകരമായ രീതിയിൽ സർക്കാർ മാർഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒൻപതാം പഞ്ചവത്സര പദ്ധതി കാലയളവിൽ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി ഓരോ വർഷവും സർക്കാർ മാർഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചവത്സര പദ്ധതി സമീപനം അവലംബിക്കുന്നതിന്റെ ഭാഗമായി പത്താം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ 6-6-2002-ലെ ജി.ഒ.(എം.എസ്)20/2002/പ്ലാനിംഗ് സർക്കാർ ഉത്തരവ് അനുസരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികവർഗ ഉപപദ്ധതി തയ്യാറാക്കി നിർവഹണം നടത്തുന്നതിനുള്ള പ്രത്യേക മാർഗ നിർദ്ദേശങ്ങൾ 31-5-2003-ലെ ജി.ഒ.(എം.എസ്.) 54/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും പരിഷ്ക്കരിച്ച മാർഗരേഖ 13-3-2004-ലെ ജി.ഒ.(എം.എസ്) 40/2004/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, മേയർമാർ എന്നിവരുമായി ചർച്ച നടത്തുകയും അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സർക്കാർ ഉത്തരവിൽ പൊതുവായ മുൻഗണനകൾ മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ. തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് വിവിധ മേഖലകളിലെ പരിപാടികൾ തീരുമാനിക്കുന്നത്.

അറവു ശാലകളുടെ പ്രവർത്തനത്തിന് നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ

115 [2607] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അറവുശാലകളെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഒട്ടുമിക്ക അറവുശാലകളും അംഗീകൃത മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അറവു ശാലകളുടെ പ്രവർത്തനത്തേയും അറവുമാടുകളുടെ ഗുണനിലവാരത്തേയും പറ്റി പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) അറവുശാലകളുടെ പ്രവർത്തനത്തിന് നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly